# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:748** 27.04.2017-ൽ മറുപടിയ്ക്ക്

## തീരദേശവാസികളെ സംരക്ഷിക്കുന്നതിനു നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശത്തെ കടലാക്രമണത്തെ ചെറുത്ത്, തീരദേശവാസികളെ സംരക്ഷിക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;<br>അനുവദിച്ച 2 കോടി രൂപ | എ) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലവിൽ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിയ്ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനായി 2016-17 സാമ്പത്തിക വർഷം അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ച 2 കോടി രൂപ പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>കടലോരത്ത് 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായത്തിനായി 7500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയാണ് പരിഗണിക്കുന്നത്. |

ബി) തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനു വേണ്ടി ഏതെങ്കിലും രീതിയിലുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ ?

ബി) തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളി കൾക്കും ശുദ്ധമായ കുടിവെള്ളം, അടച്ചുറപ്പുള്ള വാസയോഗ്യമായ ഭവനങ്ങൾ, വൈദ്യുതി, സാനിറ്റേഷൻ സൗകര്യങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ വില്പനാവകാശവും കടലിലേക്കുളള പ്രവേശനാവകാശവും മത്സ്യത്തൊഴിലാളിക്ക് ഉറപ്പാക്കുന്നതിനുതകുന്ന നിയമനിർമ്മാണവും പരിഗണനയിലാണ്.

സെക്ഷൻ ആഫീസർ